# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3732

14.03.2017 — ൽ മറുപടിക്ക്

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കേണ്ടിയിരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;<br><br>(ബി) ഈ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കേണ്ടതായ നടപടികൾ എന്തെല്ലാമെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;<br><br>(സി) മുൻഗണനാ വിഭാഗമെന്നും മുൻഗണനാ ഇതര വിഭാഗമെന്നും തിരിച്ചപ്പോൾ സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാനും അർഹരായവരെ മുൻഗണനാ വിഭാഗത്തിൽ ഉൾകൊള്ളിക്കാനും നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.<br><br>വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം അതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഡോർ-ടു-ഡോർ ഡെലിവറി നടപ്പിലാക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ അതിന്റെ പൂർണ്ണ ചുമതലയുള്ള സപ്ലൈകോ സ്വീകരിച്ച് വരികയാണ്.<br><br>സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിലേയ്ക്കാവശ്യമായ ഇ - പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് |

സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. പരാതി പരിഹാരത്തിനായി സംസ്ഥാന ഫുഡ് കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസർമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എൻ.ഐ.സി. ഒരു ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നേരത്തേ തന്നെ നിലവിലുള്ള ടോൾ ഫ്രീ നമ്പരുകൾ (1967, 1800-42-1550) ഇപ്പോഴും പ്രവർത്തിച്ച വരുന്നു.

2017 മദ്ധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും പട്ടികയിന്മേൽ ആക്ഷേപമുള്ളവർക്ക് ആയവ പരിഹരിക്കുന്നതിനായി 20.10.2016 മുതൽ 05.11.2016 വരെ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. 21.10.2016 മുതൽ 12.11.2016 വരെ അപ്പീലുകൾ സമർപ്പിക്കുന്നതിന് അവസരം ഉണ്ടായിരുന്നു. 07.01.2017-ന് ഇതുവരെയും ആക്ഷേപം സമർപ്പിക്കുവാൻ കഴിയാത്തവർക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക 10.02.2017-ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മാർച്ചുമാസം തന്നെ റേഷൻകാർഡ് വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മുൻഗണനാ പട്ടിക സംബന്ധിച്ച് പരാതികൾ വീണ്ടും പരിശോധിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ